**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** — **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ഓരോ അധ്യയന വർഷവും സ്പെഷ്യൽ സ്കൂളുകൾ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രാൻറ് അനുവദിക്കുന്നുണ്ട്. കൂടാതെ ബോർഡിംഗ് ഗ്രാൻറ് ഇനത്തിലും സർക്കാർ സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ട് മുഖേനയും തുക അനുവദിക്കുന്നുണ്ട്.** |
| (ബി) | മുൻ സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ച പാക്കേജ് തുക സ്പെഷ്യൽ സ്കൂളുകൾക്ക് നൽകാൻ കഴിയാത്തതിന്റെ കാരണങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന 45 കോടി രൂപയിൽ നിന്നും 44,91,00,610/- രൂപ സ്പെഷ്യൽ സ്കൂൾ ഗ്രാൻറ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള മാനദണ്ഡപ്രകാരം സംസ്ഥാനത്തെ പല സ്പെഷ്യൽ സ്കൂളുകൾക്കും ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | **ഉണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള 10.05.2023 തീയതിയിലെ സ.ഉ.(കൈ) നം 56/2023/പൊവിവ ഉത്തരവിൽ ഭേദഗതികൾ വേണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി 03.10.2024 തീയതിയിലെ സ.ഉ.(കൈ) നം. 126/2024/പൊ.വി.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ ചട്ടങ്ങളിൽ മാറ്റം വരുത്തി സ്പെഷ്യൽ സ്കൂളുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും സമയബന്ധിതമായി സഹായങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | **ഉണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള 10.05.2023 തീയതിയിലെ സ.ഉ.(കൈ) നം 56/2023/പൊവിവ ഉത്തരവിൽ ഭേദഗതികൾ വേണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി** |

| | | | |
|---|---|---|---|
| | | | **03.10.2024 തീയതിയിലെ സ.ഉ.(കൈ) നം. 126/2024/പൊ.വി.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ